**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** **13-09-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോണിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാരുടെ താത്പര്യം ക്ഷണിക്കുകയും 2813 ഓപ്പറേറ്റർമാർ (22-08-2023 വരെ) താല്പര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 686 ഓപ്പറേറ്റർമാരുമായി കെ-ഫോൺ ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും 500 കുടുംബങ്ങൾ എന്ന കണക്കിൽ അർഹരായ 70,000 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | ബി.പി.എൽ. അല്ലാത്ത കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഫൈബർ ടു ഹോം കണക്ഷൻ നൽകുന്നതിനായുള്ള താരിഫ് പ്ലാനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിലും iOS ആപ്പ് സ്റ്റോറിലും ലഭ്യമാണ്. ആപ്ലിക്കേഷനിലൂടെ വരിക്കാർക്ക് അവരുടെ കെ-ഫോൺ അക്കൗണ്ട് വീക്ഷിക്കാനും താരിഫ് പ്ലാൻ തെരഞ്ഞെടുക്കാനും സാധിക്കും. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ